(എച്ച്) റവന്യൂ റിക്കവറി പ്രകാരം പ്രതികളിൽ നിന്നും (അവരുടെ അവകാശികളുടെ ഉൾപ്പെടെ) നഷ്ടം ഈടാക്കുവാൻ റവന്യൂ വകുപ്പ് നടപടി സ്വീകരിച്ചു. റിക്കവറി നടപടി സ്റ്റേ ചെയ്യാനുള്ള അപേക്ഷ ഗവൺമെന്റ് നിരസിച്ചു. തുടർന്ന് അവർ ഹൈക്കോടതിയിൽ നിന്നും സ്റ്റേ ഉത്തരവ് നേടിയിട്ടുണ്ട്. അതൊഴിവാക്കിക്കിട്ടുവാനുള്ള നീക്കം ഗവൺമെന്റ് ഭാഗത്തു നിന്നും കൈക്കൊണ്ടു വരികയാണ്. കൂടാതെ പ്രതികളുടെ ബാങ്ക് ഗാരന്റി കണ്ടുകെട്ടുകയും ട്രാൻസ്പോർട്ടിംഗ് ചാർജ്ജ് ഇനത്തിൽ കൊടുക്കേണ്ടുന്ന മറ്റു തുക പിടിച്ചു വയ്ക്കുകയും ചെയ്തിട്ടുണ്ട്.

## ഇക്കോ ടൂറിസം വികസനം

22 (*22) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സംസ്ഥാനത്ത് ഇക്കോ ടൂറിസം നടപ്പിലാക്കുവാൻ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഇക്കോ ടൂറിസം വികസനം സംസ്ഥാനത്തെ എല്ലാ ടൂറിസ്റ്റ് മേഖലയിലേയ്ക്കും വ്യാപിപ്പിക്കുവാൻ എന്തൊക്കെ നടപടി സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ ഉൾനാടൻ ജലമാർഗ്ഗങ്ങളും കായലുകളും സംയോജിപ്പിച്ചു കൊണ്ടുള്ള വിനോദസഞ്ചാര പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരം വ്യക്തമാക്കുമോ ?

ഭക്ഷ്യ-വിനോദ സഞ്ചാര നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ) സംസ്ഥാനത്ത് ഇക്കോ ടൂറിസം പദ്ധതികൾ ശാസ്ത്രീയാടിസ്ഥാനത്തിൽ തുടങ്ങിയിട്ടേയുള്ളു. ഇക്കോ ടൂറിസം പദ്ധതികൾക്ക് രൂപ കല്പ്പന നല്കുന്നതിനു ഒരു പുതിയ വിഭാഗം രൂപീകരിച്ച് ഇക്കോ ടൂറിസം ഡയറക്ടറെ നിയമിച്ചിട്ടുണ്ട്. പദ്ധതി പ്രാവർത്തികമാക്കുന്നതിന്റെ മുന്നോടിയായി കൊല്ലം, പത്തനംതിട്ട ജില്ലകളിലെ മലയോര പ്രദേശങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട് തെന്മല കേന്ദ്രീകരിച്ച് ഒരു ഇക്കോ ടൂറിസം വികസന പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇതിനായി " തെന്മല ഇക്കോ ടൂറിസം പ്രമോഷൻ സൊസൈറ്റി" എന്ന പേരിൽ ഒരു സൊസൈറ്റി രൂപീകരിച്ച് പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. ടൂറിസം, ജലസേചനം, വനം എന്നീ വകുപ്പുകളുടെ പൂർണ്ണ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. ഈപദ്ധതിയുടെ ആദ്യ ഘട്ടം ഈ വർഷം അവസാനം പൂർത്തിയാക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കേരളത്തിലെ വന്യജീവി സങ്കേതങ്ങളിലും അതുപോലെ മറ്റ് അനുയോജ്യമായ സ്ഥലങ്ങളിലും ഇക്കോ ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിനുള്ള സംവിധാനം ആലോചനയിൽ ഉണ്ട്.

(ബി) ഉണ്ട്. കായൽ ടൂറിസം വികസിപ്പിക്കുന്നതിന്റെ ഭാഗമായി പമ്പാ, കുട്ടനാട് ഭാഗത്ത് ബോട്ട് ടെർമിനലുകൾ ഉൾപ്പെടെയുള്ള അടിസ്ഥാന

LIBRARY ARCHIVES Kerala Legislative Assembly

സൗകര്യങ്ങൾ ഏർപ്പെടുത്താൻ പദ്ധതി തയ്യാറായിട്ടുണ്ട്. തണ്ണീർമുക്കത്തും കുമരകത്തും ബോട്ട് ടെർമിനലുകളുടെ നിർമ്മാണം പൂർത്തിയായി വരുന്നു. അഷ്ടമുടി കായലിന്റെ സമഗ്ര ടൂറിസം വികസനത്തിന്റെ ഭാഗമായി കൊല്ലത്ത് ഗേറ്റ്വേ സെന്ററും ആനന്ദവല്ലീശ്വരത്തും കസേറ്റിയിലും ഓരോ ജലയോര വിശ്രമ കേന്ദ്രങ്ങളും നിർമ്മിക്കുന്നതിന് അനുമതി നല്കിയിട്ടുണ്ട്. കായലോരങ്ങളിൽ സൈനേജ് സിസ്റ്റം സ്ഥാപിക്കാനും ഹൗസ് ബോട്ടുകൾ വടക്കൻ ജില്ലകളിലേക്കു കൂടി വ്യാപകമാക്കാനുമുള്ള പദ്ധതികൾക്കും അംഗീകാരം നല്കിയിട്ടുണ്ട്. അവ നടപ്പാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. കൂടാതെ തിരുവനന്തപുരം-കൊല്ലം വെസ്റ്റ്കോസ്റ്റ് കനാലിൽ ഹൗസ് ബോട്ട് സർവ്വീസ് ഏർപ്പെടുത്തുന്നതിനായി സമഗ്ര കനാൽ വികസനത്തിന് പദ്ധതി തയ്യാറാക്കി പ്രാരംഭ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. വിവിധ ജില്ലകളിൽ ജില്ലാ ടൂറിസം പ്രോമോഷൻ കൗൺസിലുകൾ മുഖേന ഇത്തരം സ്ഥലങ്ങളിൽ വിവിധ പദ്ധതികളും ടൂറിസം വകുപ്പ് ആവിഷ്കരിച്ചു വരുന്നുണ്ട്.

**സംസ്ഥാനത്തെ പൊതുവിതരണ സമ്പ്രദായം**

23 (*23) ശ്രീ. എൻ. കണ്ണൻ :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീമതി എൻ. കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാർ റേഷൻ സാധനങ്ങൾക്കുള്ള സബ്സിഡി വെട്ടിക്കുറച്ചത് മൂലം സംസ്ഥാനത്തെ പൊതുവിതരണ സമ്പ്രദായം എന്തെങ്കിലും തരത്തിലുള്ള പ്രതിസന്ധി നേരിടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ സംസ്ഥാനത്ത് നില നിൽക്കുന്ന പൊതുവിതരണ സമ്പ്രദായത്തെ കൂടുതൽ ശക്തമായി നിലനിർത്താനും മുന്നോട്ടുകൊണ്ടു പോകാനുമായി സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ എന്തൊക്കെ നടപടികളെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തെ ഉയർന്ന വരുമാനക്കാരെ റേഷൻ സബ്സിഡിയിൽ നിന്നും ഒഴിവാക്കാൻ സർക്കാർ ആലോചിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) സംസ്ഥാനത്തെ ആദായനികുതിദായകരെ പഞ്ചസാര വിതരണത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കാൻ ഉള്ള കേന്ദ്ര തീരുമാനം സംസ്ഥാനത്ത് പൂർണ്ണമായും നടപ്പാക്കിയിട്ടുണ്ടോ ;

(ഇ) എങ്കിൽ ഇതിനുപകരമായി എന്തെങ്കിലും പുതിയ സംവിധാനം ഏർപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly